ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

**DTETVM/11146/2025-EC5 (EC)** 30-05-2026

<u>പരിപത്രം.നം. 09 /2026</u>

വിദ്യാഭ്യാസം സാങ്കേതികം -സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം -2026

വിഷയം:- പൊതു സ്ഥലം മാറ്റം -വിജ്ഞാപനം -സമയ ക്രമം പുതുക്കിയത് സംബന്ധിച്ച്.

സൂചന :- 1) 25-02-2017 ലെ സ.ഉ.(പി) നം.03/2017/ഉഭപവ
2) 05-4-2018 ലെ സ.ഉ (കൈ ) നം .10/2018/ഉ.ഭ.പ.വ
3) 25-03-2026 ലെ ഇതേ നം.പരിപത്രം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വിവിധ തസ്തികകളിലെ ജീവനക്കാരിൽ നിന്നും പരാമർശ സർക്കാർ ഉത്തരവുകൾ പ്രകാരം 2026 ലെ പൊതു സ്ഥലംമാറ്റത്തിൻറെ നടപടിക്രമങ്ങളുടെ തീയതികൾ പുറപ്പെടുവിച്ചിരുന്നു.എന്നാൽ ചില സ്ഥാപനമേധാവികൾ സ്ഥാപനമാറ്റ അപേക്ഷ ഓൺലൈൻ ആയി ഈ കാര്യാലയത്തിലേക്ക് അയക്കാത്തതിനാലും സാങ്കേതിക കാരണങ്ങളാലും സ്ഥലമാറ്റ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയാതെ വന്നിരിക്കുന്നു.ആയതിനാൽ 2026 ലെ പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ തീയതികളിൽ താഴെ പറയുന്ന രീതിയിൽ മാറ്റം വരുത്തി പുതുക്കിയ സർക്കുലർ പുറപ്പെടുവിക്കുന്നു

2026 ലെ സ്ഥലംമാറ്റ നടപടികളുടെ ഷെഡ്യൂൾ .

| ക്രമനം | നടപടി | നിർവഹണം | അനുവദിച്ചിരിക്കുന്ന തീയതികൾ |
|---|---|---|---|
| 1 | (i) ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലേക്ക് ഓൺ ലൈൻ ആയി ഫോർവേർഡ് ചെയ്യുക /നിരാകരിക്കുക<br>(ii) ഡി ടി ഇ ഓഫീസിലേക്ക് അയക്കാൻ നിഷ്കർഷിച്ചിരിക്ക | സ്ഥാപനങ്ങൾ -DDO/ | 02-06-2026 മുതൽ |

| | | | |
|---|---|---|---|
| | ന്ന അപേക്ഷയുടെ ഹാർഡ് കോപ്പി (ബന്ധപ്പെട്ട രേഖകൾ സഹിതം )സ്ഥാപന മേധാവിയുടെ remarks രേഖപ്പെടുത്തി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ എത്തിക്കുക . | സ്ഥാപന മേധാവി. | 05-06-2026 വരെ |
| 2 | സ്ഥാപനങ്ങൾ ഫോർവേർഡ് ചെയ്ത ഓൺലൈൻ അപേക്ഷകൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സ്വീകരിക്കുക / നിരാകരിക്കുക | State Level Officer-SPARK General Trans fer 2026 | 07-06-2026 വരെ |
| 3 | അനുകമ്പാർഹമായ കാരണങ്ങളാലുള്ള സ്ഥലം മാറ്റ അപേക്ഷകൾ .പൊതു താൽപര്യാർത്ഥമുള്ള സ്ഥലം മാറ്റങ്ങൾ ,കോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള സ്ഥലം മാറ്റങ്ങൾ ,നിർബന്ധിത സ്ഥലം മാറ്റങ്ങൾ (അച്ചടക്ക നടപടികളുടെ അടിസ്ഥാനത്തിൽ ഉള്ളതുൾപ്പടെ ) എന്നിവയിൽ തീർപ്പ് കൽപ്പിക്കുക . | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ -ബന്ധപ്പെട്ട സെക്ഷൻ /Transferring authority/Director/State Level Officer in SPARK | 10-06-2026 |
| 4 | പൊതു സ്ഥലം മാറ്റത്തിൻറെ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുക | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ -ബന്ധപ്പെട്ട സെക്ഷൻ /Transferring authority/Director/State Level Officer in SPARK | 12-06-2026 നു മുൻപായി |
| 5 | പൊതു സ്ഥലം മാറ്റത്തിൻറെ കരട് ലിസ്റ്റിൻമേൽ പരാതിയുള്ള പക്ഷം പരാതി സമർപ്പിക്കുക (SPARKമുഖേന മാത്രം , അല്ലാതെ വരുന്ന പരാതികൾ സ്വീകരിക്കുന്നതല്ല .) | ജീവനക്കാർ | പൊതു സ്ഥലം മാറ്റത്തിൻറെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച ഒരാഴ്ചയ്ക്കകം. |
| 6 | പരാതികൾ പരിശോധിച്ച് തീർപ്പാക്കി പൊതു സ്ഥലം മാറ്റത്തിൻറെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുക . | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ -ബന്ധപ്പെട്ട സെക്ഷൻ /Transferring authority/Director/State Level Officer in SPARK | 30-06-2026 നു മുൻപായി |

ഓൺലൈൻ ആയി ലഭിച്ചിരിക്കുന്ന എല്ലാ അപേക്ഷകളും ,മേൽ നിർദ്ദേശിച്ചിരിക്കുന്ന SPARK പോർട്ടലിലൂടെ ഓൺലൈൻ ആയി നിർദ്ദിഷ്ട തീയതിക്ക് മുൻപായി ഈ കാര്യാലയത്തിലേക്ക് അയയ്ക്കേണ്ടതാണ് .അനുകമ്പാർഹമായ കാരണങ്ങളാലുള്ള അപേക്ഷകളും കോടതിവിധി പ്രകാരം സ്ഥലം മാറ്റത്തിനുള്ള അപേക്ഷകളും മാത്രം (ഒപ്പിട്ട പകർപ്പ്) സ്ഥാപന മേധാവിയുടെ അഭിപ്രായത്തോടും അപേക്ഷകൻ സമർപ്പിച്ചിരിക്കുന്ന അനുബന്ധ രേഖകളോടൊപ്പം നിർദ്ദിഷ്ട തീയതിക്ക് മുൻപായി സാങ്കേതിക

വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ് .മറ്റ് അപേക്ഷകളും അനുബന്ധ രേഖകളും സ്ഥാപനത്തിൽ തന്നെ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം മാത്രം അയച്ചുതരേണ്ടതുമാണ്. .പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് കരട് ലിസ്റ്റുകളും ഉത്തരവുകളും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻറെ വെബ്സൈറ്റിൽ(www.dtekerala.gov.in) പ്രസിദ്ധീകരിക്കുന്നതാണ്.സ്ഥലംമാറ്റ നടപടിക്രമങ്ങൾ നിശ്ചയിച്ചിരിക്കുന്ന കാലയളവിനുള്ളിൽ സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ് .
പരിപത്രം എല്ലാ ജീവനക്കാരുടേയുംശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട് എന്ന വിവരം സ്ഥപനമേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ് .

സംശയ നിവാരണത്തിനായി 0471-2561300 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ് .

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ DDO-മാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖേന).
2. പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ((www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖേന).
3. കോൺ ഫിഡൻഷ്യൽ അസ്സിസ്റ്റൻറ് (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ,സീനിയർ ജോയിൻറ് ഡയറക് ടർ (ഇ സി എസ്),സീനിയർ ജോയിൻറ് ഡയറക് ടർ (പി എസ്) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ,സീനിയർ ഫിനാൻസ് ഓഫീസർ

4 അഡ്മിനിസ്ട്രേറ്റിവ് അസ്സിസ്റ്റൻറ് I & II
5IT ഡിവിഷൻ ഉദ്യോഗസ്ഥർ
6 ജീവനക്കാര്യം EA,EB EC & ED

Digitally signed by
Jayaprakash P
Date: 30-05-2026
17:10:16